# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ അന്തോനീസ്



വിശുദ്ധ (പാദുവ) അന്തോണീസിന്റെ ഓർമ്മത്തിരുന്നാൾ : ജൂൺ 13

ജനനം : 15 ആഗസ്റ്റ് 1195, Lisbon
മരണം : 1231 ജൂൺ 13, Padua
വിശുദ്ധനായി പ്രഖ്യാപിച്ചത് : 30 May 1232, Pope Gregory IX

പോർട്ടുഗലിലെ ലിസ്ബൺ പട്ടണത്തിൽ മാർട്ടിൻ-ത്രേസ്യ ദമ്പതികളുടെ പുത്രനായിട്ട് 1195 ആഗസ്റ്റ് 15-ന് ജനിച്ചു. പ്രഭുകുടുംബത്തിലെ അംഗമായ പിതാവ് കൊട്ടാരത്തിലെ ഉദ്യോഗസ്ഥനായിരുന്നു. ഫെർണാണ്ടോ എന്ന പേരിലാണ് അന്തോണി അറിയപ്പെട്ടിരുന്നത്. അമ്മ നന്നേ ചെറുപ്പത്തിൽതന്നെ പരിശുദ്ധാത്മാവിന് അന്തോണിയെ സമർപ്പിച്ചിരുന്നു. എന്തെങ്കിലും കാര്യത്തിന് ഫെർണാണ്ടോ കരയുമ്പോൾ മാതാവിന്റെ സ്വരൂപം കാണിച്ചാൽ അവൻ കരച്ചിൽ നിർത്തുമായിരുന്നു. വിശ്വാസത്തിന്റെ ബാലപാഠങ്ങൾ ആ ബാലൻ വേഗം സ്വന്തമാക്കി. സ്കൂളിൽവച്ച് ചരിത്രവും ശാസ്ത്രവും കൂടാതെ മതവിഷയങ്ങളും ഫെർണാണ്ടോ പഠിച്ചു. ബുദ്ധിശാലിയായ അവന് നല്ല ഓർമ്മശക്തിയും ഉണ്ടായിരുന്നു. അൾത്താരബാലനായി ശുശ്രൂഷ ചെയ്തതിനാൽ വിശ്വാസത്തിൽ കൂടുതലായി ആഴപ്പെടാൻ ഫെർണാണ്ടോയ്ക്ക് സാധിച്ചു.

ദൈവവിളിയുടെ ഭാഗമായി ഫെർണാണ്ടോ അഗസ്റ്റീനിയൻ സന്യാസസഭയിൽ ചേരാൻ ആഗ്രഹിച്ചു. 1210-ൽ സെന്റ് വിൻസെന്റ് ആശ്രമത്തിൽ ചേർന്നു. ഫ്രാൻസിസ്കൻ സഭയുടെ ലളിതജീവിതവും സുവിശേഷപ്രഘോഷണതീക്ഷ്ണതയും അന്തോണിസിനെ ആകർഷിച്ചു. കൂടാതെ മൊറോക്കോയിൽ വച്ച് രക്തസാക്ഷികളായ ഫ്രാൻസിസ്കൻ സഹോദരങ്ങളെപ്പറ്റി കേട്ടപ്പോൾ മൊറോക്കോയിൽ പോയി കർത്താവിനായി രക്തസാക്ഷിത്വം വഹിക്കാൻ ആ ഹൃദയം തുടിച്ചു. ആ ആഗ്രഹത്തോടുകൂടി ഇദ്ദേഹം 1220-ൽ ഫ്രാൻസിസ്കൻ സമൂഹത്തിൽ ചേർന്നു. എങ്കിലും വേദശാസ്ത്രപണ്ഡിതൻ എന്ന നിലയിൽ ബൊളോഞ്ഞാ മോണ്ട് വെല്ലിയർ, പാദുവ എന്നീ വിദ്യാപീഠങ്ങളിൽ ഇദ്ദേഹം സേവനം അനുഷ്ഠിക്കുകയാണുണ്ടായത്. ആ നിലയിൽ ഇറ്റലിയിൽ ഇദ്ദേഹം പ്രസിദ്ധനായിത്തീർന്നു. വചനപ്രഘോഷണത്തിൽ വളരെ സാമർത്ഥ്യമുള്ള ആളായിരുന്നു അന്തോണീസ്. വിശുദ്ധ ഫ്രാൻസിസ് അന്തോണിയെ ഇതിനാൽ അഭിനന്ദിച്ചിട്ടുണ്ട്. വിവിധഭാഷകളിൽ അന്തോണി പ്രസംഗങ്ങൾ

നടത്തിയിട്ടുണ്ട്.

പാദുവാ നഗരത്തിന്റെ നാമത്തോട് ചേർന്നാണ് അന്തോണീസ് അറിയപ്പെടുന്നത്. 1230 കാലത്താണ് അന്തോണി പാദുവായിലെത്തുന്നത്. പാവങ്ങളുടെ പടയാളി എന്നാണ് അദ്ദേഹം അവിടെ അറിയപ്പെടുന്നത്. കാരണം ദരിദ്രരെ ചൂഷണം ചെയ്യുന്നവരെ അദ്ദേഹം കുറ്റപ്പെടുത്തുകയും സാമ്പത്തികമായ അനീതി നടത്തുന്നവരെ വിമർശിക്കുകയും ചെയ്തിരുന്നു. മാത്രവുമല്ല ഒത്തിരി അത്ഭുതങ്ങൾ അവിടെ പ്രവർത്തിക്കുകയും ചെയ്തു. ഫ്രാൻസിസ്കൻ സമൂഹത്തിന്റെ മേധാവിയായിരുന്ന ഏലിയാസ് അക്കാലത്ത് ആവിഷ്ക്കരിച്ച, വ്രതകാഠിന്യം കുറയ്ക്കുന്ന പരിഷ്ക്കാരങ്ങൾക്കെതിരെ ശക്തമായി ഇദ്ദേഹം നിലകൊണ്ടു. 1231 ജൂൺ 13-ന് പാദുവായ്ക്കടുത്തുള്ള അറസെല്ലാ എന്ന സന്യാസിമഠത്തിൽവച്ച് ഇദ്ദേഹം നിര്യാതനായി. അതിനെ തുടർന്ന് പാദുവായിലെ വിശുദ്ധ അന്തോണിയോസ് എന്നിദ്ദേഹം അറിയപ്പെട്ടു. അടുത്ത വർഷം ഗ്രിഗറി കത മാർപാപ്പാ ഇദ്ദേഹത്തെ പുണ്യവാളനായി അംഗീകരിച്ചു. കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ പൂർത്തിയാക്കപ്പെട്ട രണ്ടാമത്തെ വിശുദ്ധീകരണപ്രക്രിയ ആയിരുന്നു വിശുദ്ധന്റേത്.

ജൂൺ 13 ഇദ്ദേഹത്തിന്റെ പെരുന്നാളായി ആചരിച്ചു വരുന്നു. ഇദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലെ ആത്മീയമൂല്യങ്ങൾ പരിഗണിച്ച് 1946 ജനവരി 16-ന് ഢകക-ാം പിയൂസ് മാർപാപ്പ അന്തോണിയോസിനെ ഡോക്ടർ ഓഫ് ദി ചർച്ച് ആയി പ്രഖ്യാപിക്കുകയും "തിരുസഭാ പണ്ഡിതൻ" എന്ന് വിശേഷിപ്പിക്കുകയും ചെയ്തു. വിശുദ്ധന്റെ മാധ്യസ്ഥം വഴി കർത്താവ് പ്രവർത്തിച്ച അത്ഭുതങ്ങൾ ലോകമെമ്പാടും വിശുദ്ധനെ വണങ്ങാൻ ഇടയാക്കി. നഷ്ടപ്പെട്ട വസ്തുക്കളെയും മനുഷ്യരെയും വീണ്ടെടുക്കാൻ നമ്മൾ അന്തോണീസിന്റെ പ്രത്യേക മാധ്യസ്ഥം തേടുന്നു.

പാവപ്പെട്ടവരുടെ പുണ്യവാളനായും ഇദ്ദേഹം അറിയപ്പെടുന്നു. എന്നാൽ, അന്തോണിസിന്റെമാദ്ധ്യസ്ഥം വഴി നമ്മുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽനിന്ന് നേടിയെടുത്ത് മടങ്ങുമ്പോൾ നാം മറക്കുന്നത് വിശുദ്ധന്റെ മാതൃകയാക്കേണ്ട ജീവിതത്തെയാണ്. സുഖലോലുപതയിൽ മുഴുകി ജീവിതകാലം തീർക്കാമായിരുന്നു അന്തോണിസിന്. പക്ഷെ, തിരഞ്ഞെടുത്തതോ യേശുവിന്റെ സഹനത്തിന്റെ പാത. രക്തസാക്ഷിയാകാൻ കൊതിച്ചു. എങ്കിലും അന്തോണീസിൽ ദൈവപദ്ധതി മറ്റൊന്നായിരുന്നു. വിശുദ്ധന്റെ മാധ്യസ്ഥം തേടുന്നതിനൊപ്പം അന്തോണീസിന്റെ ജീവിതത്തിലെ ഒരംശം നമ്മുടെ ജീവിതത്തിലേക്കും ഇനി മുതൽ പകർത്താം.

വിശുദ്ധ അന്തോനേീസ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ